**ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST**
**ANNUAL EXAM**
**CLASS - 11 (YEAR 2021) (Malayalam)**

---

**1) ക്രിസ്തീയസഭ ആരംഭം മുതൽ ഉപയോഗിച്ചുവന്ന പഴയനിയമ പരിഭാഷ ഏതാണ്?**
A) പെഷീത്താ
**B) സെപ്റ്റുവജിന്റ്**
C) വൾഗേറ്റ്
D) ഡിയാറ്റെസാറോൺ

**2) താഴെ പറയുന്നവയിൽ വിശുദ്ധ ഗ്രന്ഥത്തെ സംബന്ധിക്കുന്ന ഓർത്തഡോക്സ് സഭയുടെ വീക്ഷണവുമായി ബന്ധപ്പെടാത്തത് ഏതാണ്?**
A) സഭയാൽ ക്രോഡീകരിക്കപ്പെട്ടതാണ് വിശുദ്ധ ഗ്രന്ഥം.
B) വിശുദ്ധഗ്രന്ഥം പ്രധാനവും പ്രാമാണികവുമായ സ്രോതസ്സ് ആണ്.
**C) വി. വേദപുസ്തകത്തിന്റെ എല്ലാവിധമായ വ്യാഖ്യാനത്തെയും സഭ അനുവദിക്കുന്നു.**
D) വിശുദ്ധ ഗ്രന്ഥം പരിശുദ്ധാത്മ പ്രചോദനത്താൽ രചിക്കപ്പെട്ടതാണ്.

**3) "പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞുകിടക്കുന്നു, പഴയത് പ്രകാശിതമാകുന്നത് പുതിയനിയമത്തിലും". ആരാണ് ഇതു പറഞ്ഞത്?**
A) വി. ബസേലിയോസ്
B) വി. ഗ്രിഗോറിയോസ്
**C) വി. അഗസ്തീനോസ്**
D) വി. ഇഗ്നാത്തിയോസ്

**4) യേശു മൂന്നു പെസഹായിൽ സംബന്ധിച്ചതായി വിവരിക്കുന്ന സുവിശേഷം ഏതാണ്?**
A) വി. മത്തായി
B) വി. മർക്കോസ്
C) വി. ലൂക്കോസ്
**D) വി. യോഹന്നാൻ**

**5) വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെ സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
A) വി. പൗലോസ് ശ്ലീഹാ എന്ന വ്യക്തിയെക്കുറിച്ച് അറിയാൻ കഴിയുന്നത് സുവിശേഷങ്ങളിലൂടെയാണ്.
**B) വി. പൗലോസ് ലവുദിക്യാ സഭയ്ക്ക് അയച്ച കത്ത് നമുക്ക് ഇന്നു ലഭ്യമല്ല.**
C) വി. പൗലോസിന്റെ ഒരു ലേഖനവും മാറ്റങ്ങൾക്കും തിരുത്തലിനും വിധേയമായിട്ടില്ല.
D) യഹൂദാ മതസമൂഹത്തിൽ ഉയർന്ന പ്രശ്നങ്ങൾക്കുള്ള പ്രതികരണമാണ് വി. പൗലോസിന്റെ ലേഖനങ്ങൾ.

**6) വി. ഏവൻഗേല്യോൻ വായിക്കുന്നതിനു മുമ്പ് പട്ടക്കാരൻ പറയുന്ന ആമുഖ വാക്കുകൾ പൂർത്തീകരിക്കുക. 'ലോകത്തിനു ..................... ....................... നൽകുന്ന ദൈവത്തിന്റെ ജീവനുള്ള വചനം.**

A) സമാധാനവും സന്തോഷവും

B) സമാധാനവും അനുഗ്രഹവും

**<u>C) ജീവനും രക്ഷയും</u>**

D) കൃപയും കരുണയും

**7) സഭാപരമായ തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും തീർപ്പ് കല്പിക്കുന്നതിന്റെ ഉത്തമ ദൃഷ്ടാന്തമായി മാറിയ സംഭവം ഏതാണ്?**

A) യേശുക്രിസ്തുവിന്റെ പീഡാസഹനം

B) യേശുക്രിസ്തുവിന്റെ ന്യായവിസ്താരം

C) ശൗലിന്റെ മാനസാന്തരം

**<u>D) യെറുശലേം കൗൺസിൽ</u>**

**8) താഴെക്കൊടുത്തിരിക്കുന്ന സംഭവങ്ങൾ കാലഗണനക്രമത്തിൽ ശരിയായതു തെരഞ്ഞെടുക്കുക.**

**i. യെറുശലേം കൗൺസിൽ**

**ii. വി. പൗലോസിന്റെ മാനസാന്തരം**

**iii. ജാംനിയായിൽ യഹൂദ റബിമാരുടെ യോഗം**

**iv. നിഖ്യാ സുന്നഹദോസ്**

A) i,ii,iii,iv

**<u>B) ii,i,iii,iv</u>**

C) iv,i,ii,iii

D) iii,ii,i,iv

**9) മലങ്കരയിലേക്കുള്ള രണ്ടാമത്തെ പേർഷ്യൻ കുടിയേറ്റത്തിനു നേതൃത്വം നൽകിയതാരാണ്?**

A) ക്നായിത്തോമ്മാ

**<u>B) സബ്റീശോ</u>**

C) സിറിയാക്കാരൻ തോമസ്

D) വി. മാർത്തോമ്മാ ശ്ലീഹാ

**10) കൂനൻ കുരിശു സത്യത്തെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
A) മലങ്കരസഭാ മക്കൾ ആലങ്ങാട്ട് പള്ളിയിൽ കൂടി പ്രതിജ്ഞയെടുത്തു.
**B) പ്രതിജ്ഞ എടുത്തത് 1653 സെപ്റ്റംബർ 14 നാണ്.**
C) വൈദേശിക ആധിപത്യത്തിനെതിരെയുള്ള മലങ്കര സഭയുടെ 'സ്വാതന്ത്ര്യസമരമായി കൂനൻ കുരിശ് സത്യം അറിയപ്പെടുന്നു.
D) സത്യത്തിനുശേഷം മലങ്കര സഭ മാർത്തോമൻ പൈതൃകത്തിലേക്കു മടങ്ങി.

**11) മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തെ സംബന്ധിക്കുന്ന തെറ്റായ പരാമർശം ഏതാണ്?**
A) അബ്ദേദ് മശിഹാ പാത്രിയർക്കീസ് മാർ ഈവാനിയോസിനെ ഒന്നാം കാതോലിക്കായായി വാഴിച്ചു.
**B) കാതോലിക്കാ വാഴ്ച നടന്നത് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ചാണ്.**
C) കാതോലിക്കാ വാഴ്ച നടന്നത് 1912 സെപ്റ്റംബർ 15-ാം തീയതിയാണ്.
D) മലങ്കരയിൽ സ്വതന്ത്ര കാതോലിക്കേറ്റാണ് സ്ഥാപിച്ചത്.

**12) 'പൗരസ്ത്യ കാതോലിക്കാ', 'മലങ്കര മെത്രാപ്പോലീത്ത' എന്നീ സുപ്രധാന സ്ഥാനങ്ങൾ ഒന്നുചേർന്ന് ഒരാളിൽ നിക്ഷിപ്തമായത് എന്നുമുതൽ?**
A) 1938
B) 1958
**C) 1934**
D) 1912

**13) മലങ്കര സഭയിലെ രണ്ടു വിഭാഗങ്ങളും തമ്മിൽ സമാധാനം ഉണ്ടായതുമായി ബന്ധപ്പെട്ട് ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
A) ഇരുപക്ഷത്തുമുള്ള മെത്രാപ്പോലീത്തന്മാർ പരുമല സെമിനാരിയിൽ കൂടി.
**B) യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ കത്ത് മാർ യൂലിയോസ് കൈമാറി.**
C) സുപ്രീംകോടതിയിലെ ജസ്റ്റിസ് മളിമഠ് ആയിരുന്നു സമാധാനപ്രക്രിയയുടെ നിരീക്ഷകൻ.
D) കാതോലിക്കാ പക്ഷത്തിന്റെ നേതാവ് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ ആയിരുന്നു.

**14) കുടുംബത്തെ സംബന്ധിച്ചുള്ള വേദപുസ്തക അടിസ്ഥാനവുമായി ബന്ധമില്ലാത്ത പരാമർശം തെരഞ്ഞെടുക്കുക.**
A) കുടുംബത്തെ ദൈവം സൃഷ്ടിച്ചു.
B) വിവാഹബന്ധം വേർപിരിക്കാനാവില്ല.
**C) ബഹുഭാര്യാത്വത്തെ സഭ അംഗീകരിക്കുന്നു.**
D) വിവാഹം ഒരു കൂദാശയാണ്.

**15) ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളി തെരഞ്ഞെടുക്കുക.**
A) കുടുംബത്തിനുള്ള കൗദാശിക മൂല്യത്തിനു പ്രാധാന്യം നഷ്ടപ്പെട്ടു.
B) മാധ്യമങ്ങളുടെ തെറ്റായ സ്വാധീനങ്ങൾ.
C) ഭാര്യാഭർത്താക്കന്മാരുടെ ഉത്തരവാദിത്വങ്ങളിൽ വന്ന മാറ്റങ്ങൾ.
**D) ഇവയെല്ലാം.**

**16) ആധുനിക കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന അനവധി പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്താണ്?**
**A) ആത്മീയമായ അടിത്തറയിൽ കുടുംബം പണിയുക.**
B) സാമ്പത്തികമായ വളർച്ചയ്ക്കും നേട്ടത്തിനും പ്രാധാന്യം നൽകുക.
C) ഭാര്യാഭർത്താക്കന്മാരുടെ ഉത്തരവാദിത്തങ്ങളിൽ മാറ്റം ഉണ്ടാക്കുക.
D) ഭൗതിക വളർച്ചയിൽ പ്രതീക്ഷ വെച്ചുപുലർത്തുക.

**17) വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണ് എന്നു വിശേഷിപ്പിച്ചത് ആരാണ്?**
A) വി. പത്രോസ്
**B) വി. പൗലോസ്**
C) വി. യോഹന്നാൻ മാംദാന
D) വി. കന്യകമറിയാം

**18) വ്യത്യസ്ത സഭാംഗങ്ങൾ തമ്മിലുള്ള വിവാഹത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നം തെരഞ്ഞെടുക്കുക.**
**A) വിവാഹങ്ങൾ നടത്തുന്ന ദിവസങ്ങളെ സംബന്ധിച്ചുള്ള തർക്കം.**
B) വിശ്വാസവും അതിനനുസരിച്ചുള്ള അനുഷ്ഠാനവും തമ്മിലുള്ള സമാനതകൾ.
C) മതംമാറ്റ നിരോധന നിയമങ്ങൾ.
D) പുരുഷനും സ്ത്രീയും തമ്മിലുള്ള പ്രായവ്യത്യാസം.

**19) വിവാഹത്തിനു മുമ്പ് നിങ്ങൾ ദമ്പതികൾക്കു നൽകുന്ന മാർഗദർശനങ്ങൾ തെരഞ്ഞെടുക്കുക.**
**i. വിവാഹം ദൈവം കൂട്ടിച്ചേർക്കുന്നതാണ്. അതു ജീവിതാവസാനം വരെ നിലനിൽക്കണം.**
**ii. ആജീവനാന്തം ദമ്പതികൾ വിശ്വസ്തത പുലർത്തണം.**
**iii. സമ്പത്തും പദവിയും കുടുംബത്തെ നിലനിർത്തും.**

**A) i,ii**
B) i,iii
C) ii,iii
D) i,ii,iii

**20) താഴെ പറയുന്നവയിൽ പൗരസ്ത്യ മതം അല്ലാത്തത് ഏതാണ്?**

**A) യഹൂദ മതം**
B) സ്വരാഷ്ട്രീയൻ മതം.
C) താവോ മതം
D) ഷിന്റോ മതം

**21) ബുദ്ധമതത്തിലെ നാലു ശ്രേഷ്ഠ സത്യങ്ങളെക്കുറിച്ച് വിശദമാക്കുന്ന ഗ്രന്ഥം ഏതാണ്?**

A) നിർവാണം
B) മഹായാന
**C) ത്രിപീഠിക**
D) ഹീനയാന

**22) ഓറിയന്റൽ ഓർത്തഡോക്സ് വിഭാഗത്തിൽ ഉൾപ്പെടാത്ത സഭ**

A) കോപ്റ്റിക് സഭ
**B) റഷ്യൻ സഭ**
C) എറിട്രിയൻ സഭ
D) അർമ്മീനിയൻ സഭ

**23) ആദ്യത്തെ മൂന്നു പൊതുസുന്നഹദോസുകൾ അംഗീകരിക്കാത്ത ക്രിസ്തീയ സഭാവിഭാഗം?**

A) ഓറിയന്റൽ ഓർത്തഡോക്സ്
B) ഈസ്റ്റേൺ ഓർത്തഡോക്സ്
C) റോമൻ കത്തോലിക്ക
**D) പ്രോട്ടസ്റ്റന്റ് സഭകൾ**

**24) എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ ഭാഗമായി വിശ്വാസവും സഭാക്രമവും എന്ന കമ്മീഷൻകൊണ്ടുണ്ടായ നേട്ടങ്ങൾ?**

**i. വിശ്വാസകാര്യങ്ങൾ ചർച്ച ചെയ്താൽ സഭ ഐക്യമുണ്ടാകും എന്നു ബോധ്യമായി.**

**ii. സഭകൾ തമ്മിൽ ഐക്യമുണ്ടാകാൻ കാരണമായി.**

**iii. വിശ്വാസകാര്യങ്ങൾ പുനർ വ്യാഖ്യാനം നടത്തുവാൻ സഹായകമായി.**

**iv. മിഷനറിപ്രവർത്തനങ്ങൾക്കായി സൊസൈറ്റികൾ രൂപീകൃതമായി.**

A) i,ii,iii

B) ii,iii,iv

**C) i,iii,iv**

D) i,ii,iv

**25) എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ എഡിൻബറോ സമ്മേളനത്തിൽ പങ്കെടുത്ത മലങ്കര സഭാ മെത്രാപ്പോലീത്ത?**

A) പൗലോസ് മാർ ഗ്രിഗോറിയോസ്

B) ഗീവർഗീസ് മാർ ഒസ്താത്തിയോസ്

C) ഗീവർഗീസ് മാർ ഇവാനിയോസ്

**D) ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ**

**26) എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ ഓർത്തഡോക്സ് പങ്കാളിത്തത്തിന്റെ നേട്ടങ്ങൾ?**

**i. ഓർത്തഡോക്സ് ആരാധനാക്രമത്തിൽ ഉള്ള പല കാര്യങ്ങൾ മറ്റു സഭകൾ സ്വീകരിച്ചിട്ടുണ്ട്.**

**ii. സഭാപിതാക്കന്മാരുടെ രചനകൾക്കും പാരമ്പര്യങ്ങൾക്കും പ്രാധാന്യം വേണം എന്ന ചിന്ത മറ്റു സഭകൾക്കുണ്ടായിട്ടുണ്ട്.**

**iii. ഓർത്തഡോക്സ് വിശ്വാസത്തിന്റെ കാഴ്ചപ്പാടുകൾ മറ്റു സഭകളാൽ പൂർണമായി അംഗീകരിക്കപ്പെട്ടു.**

**iv. ബൈബിൾ പഠനത്തിന്റെ പ്രാധാന്യം ഓർത്തഡോക്സ് സഭകൾക്ക് അനുഭവപ്പെട്ടു.**

**v. ജീവിതയാഥാർഥ്യങ്ങൾക്ക് കൂടുതൽ ക്രിയാത്മകമായി പ്രതികരിക്കുവാൻ സഭകൾ ശ്രദ്ധിച്ചു.**

A) i,ii,iii,iv

**B) i,ii,iv,v**

C) ii,iii,iv,v

D) i,iii,iv,v

**27) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്തത്?**

A) മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുക.

B) പുനരധിവാസ കേന്ദ്രങ്ങളിൽ മനുഷ്യാവകാശസന്ദേശ പ്രചരണം നടത്തുക.

**C) ഭീകരപ്രവർത്തനങ്ങളെക്കുറിച്ച് നിരീക്ഷണം നടത്തി റിപ്പോർട്ട് നൽകുക.**

D) മനുഷ്യാവകാശ കരാറുകൾക്ക് പ്രായോഗിക നടപടികൾ സ്വീകരിക്കുക.

**28) കുട്ടികളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുവാൻ ഇന്ത്യയിലെ നിയമം?**

A) സംസ്ഥാന ബാലാവകാശ കമ്മിഷൻ

**B) ബാലനീതി നിയമം**

C) ചൈൽഡ്ലൈൻ

D) വിദ്യാഭ്യാസ അവകാശ നിയമം.

**29) അഖില ലോക സഭാ കൗൺസിലിന്റെ ആസ്ഥാനം എവിടെയാണ്?**

A) ന്യൂയോർക്ക്

**B) ജനീവ**

C) ലണ്ടൻ

D) ആംസ്റ്റർഡാം

**30) 1918 ഡിസംബർ 10 ന് ഐക്യരാഷ്ട്രസഭയുടെ പൊതുസഭ പാസാക്കി അംഗീകരിച്ച മനുഷ്യാവകാശങ്ങളുടെ ആധികാരിക രേഖ ഏതാണ്?**

**A) മനുഷ്യാവകാശ പ്രഖ്യാപനം**

B) തുല്യപരിഗണന രേഖ

C) അഭിപ്രായ സ്വാതന്ത്ര്യപ്രഖ്യാപനം

D) സാർവത്രിക മനുഷ്യാവകാശ രേഖ

**31) ഭരണഘടനയുടെ ഏത് അനുച്ഛേദത്തെയാണ് മനുഷ്യാവകാശങ്ങളുടെ അടിസ്ഥാന പ്രമാണമായി കണക്കാക്കാവുന്നത്?**

**A) 21-◌ാ◌ം അനുച്ഛേദം**

B) 4-◌ാ◌ം അനുച്ഛേദം

C) 44-◌ാ◌ം അനുച്ഛേദം

D) 15-◌ാ◌ം അനുച്ഛേദം

**32) കുട്ടികളെ മാനസിക അസംതൃപ്തിയിലേക്കും തെറ്റായ വഴികളിലേക്കും നയിക്കുന്നവ തെരഞ്ഞെടുക്കുക.**

A) മാതാപിതാക്കളുടെ തെറ്റായ ജീവിതം.

B) മദ്യപാനം

C) ശിഥിലമായ കുടുംബാന്തരീക്ഷം.

**D) ഇവയെല്ലാം.**

**33) മഹാത്മാഗാന്ധിയെ സംബന്ധിച്ച് മനസ്സാക്ഷിയുടെ ശബ്ദം എന്താണ്?**

**A) ദൈവത്തിന്റെ ശബ്ദം.**

B) സൃഷ്ടിയുടെ ശബ്ദം.

C) അഹിംസയുടെ ശബ്ദം

D) സ്വാതന്ത്ര്യത്തിന്റെ ശബ്ദം.

**34) ഗാന്ധിജിയുടെ 'സർവ്വോദയ' എന്ന ആശയവുമായി ബന്ധമില്ലാത്തത് കണ്ടെത്തുക.**

A) സ്നേഹത്തിലും മാനുഷിക മൂല്യങ്ങളിലും കേന്ദ്രീകൃതമായ സമൂഹം.

**B) എല്ലാ ക്രിസ്ത്യാനികളുടെയും പുരോഗതി**

C) ഭൗതികവും ആത്മീയവുമായ സ്വാതന്ത്ര്യം.

D) ദരിദ്രർക്കും തിരസ്കരിക്കപ്പെട്ടവർക്കും സേവനം.

**35) വർഗ്ഗീയവാദത്തെ കുറയ്ക്കുവാനുള്ള പരിഹാര മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കുക.**

**i. വിവിധ മതങ്ങളുടെ ഔപചാരികവും അനൗപചാരികവുമായ സംഭാവനകൾ പ്രോത്സാഹിപ്പിക്കുക.**

**ii. വിവിധ മതങ്ങൾ ചേർന്നുള്ള തീർത്ഥാടനങ്ങൾ.**

**iii. നാനാത്വത്തിൽ ഏകത്വം കാത്തു സൂക്ഷിക്കുക.**

A) i,ii

**B) i,ii,iii**

C) i,iii

D) ii,iii

**36) അഭിവന്ദ്യ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി മതങ്ങൾക്കുവേണ്ടി നിശ്ചയിച്ച പഞ്ചശീലിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**

A) പരസ്പര ബഹുമാനം

**B) വിവേചനം**

C) മറ്റുള്ളവരുമായുള്ള സംവദിക്കലും പരസ്പര മനസ്സിലാക്കലും

D) സമാധാന മാർഗ്ഗത്തിലൂടെ പ്രശ്നങ്ങളെ പരിഹരിക്കുക.

**37) മനുഷ്യാവതാരത്തെ സംബന്ധിക്കുന്ന ദളിത് വേദശാസ്ത്ര വ്യാഖ്യാനം എന്താണ്?**

**A) ദൈവം ദളിതരുമായി ഐക്യദാർഢ്യപ്പെട്ട്, ദരിദ്രരിൽ ദരിദ്രനായി.**

B) ദൈവം സൃഷ്ടിയുടെ മേൽ മനുഷ്യർക്ക് അധികാരം നൽകിയിരിക്കുന്നു.

C) ദാരിദ്ര്യത്തിൽനിന്നും മനുഷ്യാവതാരം വിമോചിപ്പിക്കും.

D) ക്രിസ്തു എല്ലാവർക്കും സമൃദ്ധി വാഗ്ദാനം ചെയ്തു.

**38) ഫെമിനിസ്റ്റ് വേദശാസ്ത്രത്തിന്റെ ലക്ഷ്യവുമായി ബന്ധമില്ലാത്തത് തെരഞ്ഞെടുക്കുക.**

A) പാരമ്പര്യങ്ങളെയും ശീലങ്ങളെയും പുനർവ്യാഖ്യാനിക്കുന്നു.

B) ദൈവത്തെക്കുറിച്ച് എഴുതിയിട്ടുള്ള ഭാഷ പുനർവായിക്കുക.

C) മതപരമായ വിശുദ്ധ ഗ്രന്ഥങ്ങളിൽ സ്ത്രീ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് പഠിക്കുക.

**D) സ്ത്രീകൾക്കെതിരെ ഗാർഹിക പീഢനം വർദ്ധിപ്പിക്കുക.**

**39) ചെയ്യുന്ന തൊഴിലിന്റെ ഫലം തൊഴിലാളികൾക്കും ആസ്വദിക്കാനുള്ളതാണെന്ന് പഠിപ്പിക്കുന്ന പ്രത്യയശാസ്ത്രം ഏതാണ്?**

**A) മാർക്സിസം**

B) ക്യാപിറ്റലിസം

C) വ്യവസായികരണം

D) സോഷ്യലിസം

**40) സമ്പത്തിനെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം എന്താണ്?**

**i. ദരിദ്രർക്കും ആവശ്യക്കാർക്കും ധനം പങ്കിടുക.**

**ii. ധനത്തിന്റെ ഉടമസ്ഥൻ ദൈവമാണ്.**

**iii. കുടുംബത്തിന്റെയും ബന്ധുക്കളുടെയും മാത്രം ആവശ്യങ്ങളോട് താദാത്മ്യപ്പെടുക.**

**iv. വിവേചനമുള്ള സമൂഹത്തിന്റെ നിർമ്മിതിക്കായി യത്നിക്കുക.**

A) i,iv

B) i,ii,iv

C) ii,iii

**D) i,ii**

**41) താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് സുനഗോഗ് ആരാധനയുടെ ഭാഗമല്ലാത്തതു തിരഞ്ഞെടുക്കുക**

A) തിരുവചനവായന

B) പൊതുപ്രാർഥനകൾ

**C) അപ്പം മുറിക്കൽ**

D) പ്രസംഗം

**42) യിസ്രായേൽക്കാർ സാക്ഷ്യപെട്ടകം നിർമ്മിച്ചതിന് പ്രധാന കാരണം**
A) ദൈവവും മനുഷ്യനുമായി ഉണ്ടാക്കിയ ഉടമ്പടി യുടെ സ്മരണയ്ക്ക്
**B) ദൈവം കാലാകാലങ്ങളിൽ നൽകിയ കൃപകളുടെ സ്മാരകമായി**
C) പെരുനാളുകൾക്കു ഉപയോഗിക്കുന്നതിനു
D) ക്രിസ്തുവിലെ രക്ഷയുടെ പ്രതീകമായിട്ട്

**43) കുമ്രാൻ സമൂഹത്തിലെ എസ്സീന്യരുടേ ആരാധനയുടെ മാതൃകാപരമായ പ്രത്യേകത**
A) വിടുതലിന്റെ ചരിത്രം പറയുക
B) ഉത്സവങ്ങൾ ആചരിക്കുമ്പോഴുള്ള ഭക്ഷണരീതി
**C) പൊതുവായി ഭക്ഷണം കഴിക്കലും സ്തോത്രാർപ്പണവും**
D) ഏ ലിയാ പ്രവാചകൻ വരുവാനുള്ള പ്രാർത്ഥന

**44) വിശുദ്ധ കുർബ്ബാനക്കുശേഷം നമ്മുടെ വിചാരവും വാക്കുകളും പ്രവർത്തികളും ക്രമീകരിക്കുതിനു ഉപയോഗിക്കുന്ന വാചകം**
A) കാര്യവിചാരകത്വം
B) ദൈവസ്തുതിയുടെ ഭാഗം
C) പ്രതീകാല്മക ആരാധന
**D) ആരാധനക്ക് ശേഷമുള്ള ആരാധന**

**45) താഴെകൊടുത്തിരിക്കുന്നവയിൽ യാക്കോബിന്റെ തക്സാ ഉപയോഗിക്കാത്ത സഭ ?**
A) മലങ്കര കത്തോലിക്കാ സഭ
B) ഇവാഞ്ചലിക്കൽ സഭ
**C) സീറോ മലബാർ സഭ**
D) തൊഴിയൂർ സഭ

**46) വിശുദ്ധ കുർബ്ബാനയിൽ സങ്കീർത്തനങ്ങളെ അടിസ്ഥാനമാക്കിയല്ലാത്ത ഗീതം ഏതാണ്?**
A) നിന്നാൾ സ്തുതിയോടു രാജമകൾ
B) മക്കളിലപ്പൻ കൃപചെയ്വതുപോലെ .
**C) ഭൂവിലശേഷം**
D) ചാർത്തും നീതിയെ നിൻ

**47) മലയാള തക്സായ്ക്ക് മലങ്കരയിൽ പ്രചാരം നൽകിയ വ്യക്തി**
A) പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി
**B) എം.പി .പീറ്റർ ശെമ്മാശ്ശൻ**
C) കോനാട്ടു എബ്രഹാം മല്പാൻ
D) മട്ടയ്ക്കൽഅലക്സന്ദ്രയോസ് കത്തനാർ

ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST
ANNUAL EXAM
CLASS - 11 (YEAR 2021) (Malayalam)

**48) ഡിഡാക്കെ എന്ന കൃതിയിൽ വിശുദ്ധ കുർബാനയെ വിളിച്ചിരിക്കുന്ന പദം**

A) സ്തോത്രബലി

B) പൊതുഭക്ഷണം.

**C) സ്തോത്രാർപ്പണം**

D) അപ്പം നുറുക്കൽ

**49) മൂന്ന് ആറ് തുബ്ദേനുകളുടെ പ്രത്യേകത ?**

A) ജന്മദിന പ്രാർത്ഥന - സകല വാങ്ങിപ്പോയവരെ ഓർക്കുന്നു

B) സകല സഭാപിതാക്കന്മാരെ ഓർക്കുന്നു- കന്യക മറിയാമിനെ ഓർക്കുന്നു

C) സകല ഭരണകര്‍ത്തതാക്കളെ ഓർക്കുന്നു- സഭാ പിതാക്കന്മാരെ ഓർക്കുന്നു

**D) സകലഭരണ കര്‍ത്തതാക്കളെ ഓർക്കുന്നു- സകല വാങ്ങിപ്പോയവരെ ഓർക്കുന്നു**

**50) പഴയ നിയമ വായനയിൽ യെശയ്യാ പ്രവാചകന് മഹത്വമുള്ള എന്ന് പറയുന്നതിന്റെ കാരണം**

**A) മിശിഹായുടെ വരവിനെക്കുറിച്ചുള്ള ശ്രേഷ്ഠ ഭാഗങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ട്**

B) വളരെ നീണ്ട പ്രവചന പുസ്തകമായതുകൊണ്ട്

C) മഹത്വ ദര്‍ശന വിവരങ്ങൾ ഉള്ളത് കൊണ്ട്

D) വളരെ വിജ്ഞാനപ്രദമായ പുസ്തകമായതുകൊണ്ട്